22
ഒക്ടോബർ 2020
വ്യാഴം
1196 തുലാം 6 1442 റ. അവ്വൽ 5

# കാരവൽ

THE FIRST DAILY IN KERALA WITH TWO LANGUAGE EDITIONS ESTABLISHED-1976

RNI Reg:No:70844/99 KARAVAL DAILY PUBLISHED FROM KASARAGOD കാസർകോട്•പുസ്തകം 27 •ലക്കം 201 •പേജ് 4 •വില: 5 രൂപ

30 years of Excellence
advent
MARBLES & SANITARY WARE
E-mail: adventmarbles@gmail.com www.adventmarbles.in
N.H. ROAD, THALIPADUPPU, KASARAGOD. Ph: 04994-221633

## തളങ്കരയിലെ ആദ്യകാല ഫുട്ബോൾ താരം നൗഷാദ് പൊയക്കര അന്തരിച്ചു



കാസർകോട്: കാസർകോട്ടെ ആദ്യകാല ഫുട്ബോൾ താരവും കോഴിക്കോട്ടെ വ്യാപാരിയുമായ തെരുവത്ത്, പൊയക്കര കുടുംബാംഗം പി.എം.നൗഷാദ് പൊയക്കര (63) കോഴിക്കോട്ട് അന്തരിച്ചു. അസുഖത്തെ തുടർന്ന് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു.

വർഷങ്ങളായി കോഴിക്കോട്, എരഞ്ഞിപ്പാലത്ത് താമസക്കാരനും വ്യാപാരിയുമായിരുന്നു.

പരേതരായ പി.എസ്.മുഹമ്മദ്-ആയിഷ പുഴക്കര ദമ്പതികളുടെ മകനാണ്. ഭാര്യ: സാക്ഷിന. മക്കൾ: ആമിന, അസ്മ, ഹലീമ. മരുമക്കൾ: ഫയീം മുക്താർ (ഖത്തർ), യഹ്സാൻ അലി, അഫാന. സഹോദരങ്ങൾ: പരേതരായ അബ്ദുൾ സത്താർ, ഖമറുദ്ദീൻ, അൻവർ.

## പള്ളിവളപ്പിലെ ചന്ദനമരം മുറിച്ചു കടത്തിയ കേസ്; പ്രതികളെ തിരിച്ചറിഞ്ഞു

കാസർകോട്: മുളിയാർ, ബാവിക്കര ജുമാമസ്ജിദ് വളപ്പിലെ ഖബർ സ്ഥാനിൽ നിന്നു ചന്ദനമരം മുറിച്ച് കടത്തിയ കേസിലെ പ്രതികളെ തിരിച്ചറിഞ്ഞു. പ്രതികളിൽ ഒരാൾ വനംവകുപ്പിന്റെ പിടിയിലായതായി സൂചന.

ഈ മാസം 20ന് ആണ് പള്ളിവളപ്പിൽ നിന്ന് 16 വർഷത്തിലധികം പ്രായമുള്ള ചന്ദനമരം മോഷണം പോയത്. വിവരമറിഞ്ഞ് വനംവകുപ്പ് കാസർകോട് ഫോറസ്റ്റ് ഓഫീസറുടെ നേതൃത്വത്തിൽ എത്തിയ സംഘം സ്വമേധയാ കേസെടുത്തിരുന്നു. അന്വേഷണം തുടരുന്നതിനിടയിൽ മോഷണം പോയതെന്ന് സംശയിക്കുന്ന ചന്ദനത്തടി



ചന്ദനമുട്ടികൾ വനംവകുപ്പ് ഉദ്യോഗസ്ഥർ പരിശോധിക്കുന്നു.

ചെത്തിമിനുക്കി മുട്ടികളാക്കി ചാക്കിലാക്കിയ നിലയിൽ ഇന്നലെ പുലർച്ചെ പള്ളിമുറ്റത്ത് കണ്ടെത്തിയിരുന്നു. പള്ളി തുറക്കാനെത്തിയ ആളാണ് ചന്ദനമുട്ടികൾ കണ്ടെത്തിയത്. തുടർന്ന് ഫോറസ്റ്റ് റേഞ്ച് ഓഫീസർ അനിൽകുമാർ നടയിൽ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ കെ എൻ രമേശൻ, എം ബി രാജു, ഉമ്മർ ഫാറൂഖ്, രാജേഷ്, ഖമറുന്നീസ, എ എ രാജേഷ്, ഡ്രൈവർമാരായ രാഹുൽ കെ, വിജിത്ത് എന്നിവർ അടങ്ങിയ സംഘം ചന്ദനമുട്ടികൾ കസ്റ്റഡിയിലെടുത്തു. 18 കിലോയോളം ചന്ദനമുട്ടികളാണ് പിടിയിലായത്. ഇതിന് രണ്ട് ലക്ഷത്തോളം വിലവരുമെന്നാണ് പറയുന്നത്. ചന്ദനമരം മുറിച്ചു കടത്തിയ കേസിലെ പ്രതികളെ കുറിച്ച് ഫോറസ്റ്റ് അധികൃതർക്ക് ചില സൂചനകൾ ലഭിച്ചതിന് പിന്നാലെയാണ് ചന്ദനമുട്ടികൾ പള്ളിമുറ്റത്ത് തന്നെ ഉപേക്ഷിച്ചതെന്നാണ് സൂചന. കേസിൽ നിന്ന് രക്ഷപ്പെടാനായിരിക്കും ഇതെന്നും കരുതുന്നു.



ചൂൽ വിൽപ്പനയ്ക്കായി കാസർകോട്ടെത്തിയ തമിഴ്സംഘം

## കോവിഡിനു മുന്നിൽ അവർ തളർന്നില്ല; തമിഴ് സംഘം ചൂൽ വിൽപ്പനക്കായി കാസർകോട്ട്

കാസർകോട്: കോവിഡ് കാലം തീർത്ത ദുരിതത്തെ അതിജീവിക്കാൻ നാലംഗ തമിഴ് കുടുംബം കാസർകോട്ടെത്തി; ചൂലു വിൽപ്പനയ്ക്കായി.ഒരു സ്ത്രീയടക്കം നാലു പേരാണ് ഇന്നു രാവിലെ ഒരു ലോഡ് ചൂലുമായി തമിഴ്നാട്, മധുരയിൽ നിന്നു കാസർകോട്ടെത്തിയത്. സമ്പൂർണ്ണ ലോക്ക്ഡൗൺ കാലത്ത് ജീവിതം വഴിമുട്ടിയതോടെയാണ് അന്നത്തെ അന്നത്തിനു ആവശ്യമായ വരുമാനത്തിനുള്ള വഴിയെക്കുറിച്ച് ആലോചിച്ചത്. അതു ചെന്നെത്തിയത് ചൂല് നിർമ്മാണത്തിലായിരുന്നു. വീട്ടിലെ കുട്ടികളടക്കമുള്ളവർ ചൂലു നിർമ്മാണത്തിൽ ഏർപ്പെട്ടു. പിന്നത്തെ വെല്ലുവിളി വിപണിയായിരുന്നു. കേരളം നല്ല വിപണിയായിരിക്കുമെന്ന് കരുതിയ വിവിധ സംഘങ്ങൾ ചൂലുകൾ ലോഡുകളാക്കി യാത്ര തിരിച്ചു. അതിലൊരു സംഘമാണ് കാസർകോട്ടെത്തിയതും കച്ചവടം ആരംഭിച്ചതും. ഒരു ചൂലിനു 30 രൂപ നിരക്കിലാണ് വിൽപ്പന. കാസർകോട്ടെ ജനങ്ങളിൽ നിന്നു നല്ല പ്രതികരണമാണ് ലഭിക്കുന്നതെന്നു സംഘം പറഞ്ഞു.

## കോവിഡ് മുൻ പ്രവാസി മരിച്ചു



കാഞ്ഞങ്ങാട്: സെൻട്രൽ ചിത്താരിയിലെ വ്യവസായ പ്രമുഖനും മുൻ പ്രവാസിയുമായ വടക്കൻ അബ്ദുൽ റഹ്മാൻ ഹാജി (76) കോവിഡ് ബാധിച്ച് മരിച്ചു. കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു.

ഭാര്യ: കുഞ്ഞാമിന. മക്കൾ: മുഹമ്മദ് ഷാഫി, മുനീർ (ഇരുവരും ഗൾഫ്), റാബിയ, ഫൗസിയ, ഹാജിറ, സാജിദ, ശബാന. മരുമക്കൾ: ഫമീദ് ബദ്രിയ്യനഗർ, ഷെഫീഖ് നീലേശ്വരം, അബ്ദുൾ അസീസ് ചിത്താരി, നജ്മ, ഫാത്തിമ, പരേതരായ ഹസൈനാർ മുക്കൂട്, നസീർ മേൽപറമ്പ്. സഹോദരങ്ങൾ: വടക്കൻ അബ്ദുല്ല ഹാജി മഡിയൻ, വടക്കൻ ഇബ്രാഹിം ഹാജി, വടക്കൻ അസൈനാർ ഹാജി, വടക്കൻ കുഞ്ഞാമദ് ഹാജി, കുഞ്ഞി ഫാത്തിമ, പരേതനായ വടക്കൻ മൊയ്തു.

### ചെയ്യാത്ത പ്രവർത്തിക്കും അർഹതയില്ലാത്തവർക്കും ആനുകൂല്യം

# ലൈഫ് പദ്ധതിയിൽ ഗുരുതര ക്രമക്കേടെന്ന് ഓഡിറ്റ് റിപ്പോർട്ട്

തിരു: സംസ്ഥാന സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കിയ ലൈഫ്മിഷൻ പദ്ധതിയിൽ ഗുരുതരമായ ക്രമക്കേടെന്ന് ഓഡിറ്റ് റിപ്പോർട്ട്. 2018-19 കാലത്തെ റിപ്പോർട്ടിലാണ് സർക്കാരിനെ വെട്ടിലാക്കി ഗുരുതര ക്രമക്കേടുകൾ അക്കമിട്ട് നിരത്തുന്നത്.

ചെയ്യാത്ത ജോലികൾക്ക് പണം നൽകിയെന്നും അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകിയെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. ഇതിന് പുറമെ മറ്റ് പദ്ധതി പ്രകാരം നിർമ്മിച്ച വീടിനും ലൈഫ് പദ്ധതിയിൽ നിന്ന് പണം അനുവദിച്ചതായും കണ്ടെത്തി.കൃത്യമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ പദ്ധതി നടപ്പാക്കിയതാണ് ക്രമക്കേടിന് ആധാരമായതെന്ന് ചൂണ്ടിക്കാട്ടുന്നു. ലൈഫ് പദ്ധതിയിൽ ക്രമക്കേട് കണ്ടെത്തിയതിന് പിന്നാലെ സർക്കാർ ഓഡിറ്റ് നിർത്തിവെക്കുകയും ഇക്കാര്യം ചൂണ്ടിക്കാട്ടി പ്രതിപക്ഷം സർക്കാരിനെതിരെ രംഗത്ത് വരികയും ചെയ്തിരുന്നു.ലൈഫ് പദ്ധതിയിൽ വ്യാപക ക്രമക്കേടുകൾ നടന്നുവെന്ന് നേരത്തെ പ്രതിപക്ഷ പാർട്ടികളും ആരോപിച്ചിരുന്നു. ഈ ആരോപണങ്ങൾ ശരിവെക്കുന്ന തരത്തിലാണ് ഓഡിറ്റ് റിപ്പോർട്ടെന്ന് വ്യക്തമാകുന്നു. സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഇപ്പോൾ സംസ്ഥാനത്ത് വൻവിവാദങ്ങളാണ് ഉയർന്നു വരുന്നത്. വടക്കാഞ്ചേരിയിൽ നടപ്പാക്കുന്ന ഭവന പദ്ധതിയെ ചൊല്ലിയാണ് വൻവിവാദം ഉടലെടുത്തത്. ഇതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണവും സിബിഐ അന്വേഷണവും നടന്നു വരികയാണ്. ഇതിനിടയിലാണ് സംസ്ഥാനത്ത് നേരത്തെയും നടപ്പാക്കിയ പദ്ധതിയിൽ ക്രമക്കേട് നടന്നതായി ഓഡിറ്റ് വിഭാഗം കണ്ടെത്തിയത്.

## തൃക്കരിപ്പൂർ സ്വദേശി കുവൈത്തിൽ മരിച്ചു



കാഞ്ഞങ്ങാട്: തൃക്കരിപ്പൂർ, ബീരിച്ചേരി സ്വദേശി കുവൈത്തിൽ ഹൃദയാഘാതം മൂലം മരിച്ചു. വെള്ളാപ്പ് ജുമാ മസ്ജിദിന് സമീപം താമസിക്കുന്ന കാസിം(44)ആണ് മരിച്ചത്. ഒരാഴ്ച്ച മുമ്പ് ശാരീരിക അസ്വസ്ഥതകളെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. അസുഖം ഭേദമായി തിരികെ താമസസ്ഥലത്ത് എത്തിയിരുന്നു. പിന്നീട് റൂമിൽ കുഴഞ്ഞുവീണ ഉടൻആശുപത്രിയിലേയ്ക്ക് കൊണ്ടുപോയെങ്കിലും വഴിമദ്ധ്യേ മരണം സംഭവിച്ചു. ഭാര്യ: റഹ്മത്ത്. ജമീല, ജസീർ, ജഹാന, ആറുമാസം പ്രായമുള്ള കുട്ടി എന്നിവർ മക്കളാണ്.

## രാജ്യത്ത് കോവിഡ് രോഗികളുടെ എണ്ണം 77 ലക്ഷം കടന്നു

ന്യൂഡൽഹി: രാജ്യത്തെ കോവിഡ് രോഗികളുടെ എണ്ണം എഴുപത്തിയേഴ് ലക്ഷം കടന്നു. കഴിഞ്ഞ 24 മണിക്കൂറിനിടെ 55,838 പേർക്ക് കൂടി രോഗം സ്ഥിരീകരിച്ചു. ഇതോടെ ആകെ രോഗികളുടെ എണ്ണം 77,06,946 ആയി. ഇന്നലെ 702 മരണം കൂടി സ്ഥിരീകരിച്ചിട്ടുണ്ട്.

ഇതോടെ രാജ്യത്തെ മരണസംഖ്യ 1,16,616 ആയി. രാജ്യത്തെ രോഗമുക്തി നിരക്ക് 90 ശതമാനത്തോട് അടുക്കുകയാണ്. 79,415 പേർ കൂടി രോഗമുക്തി നേടിയതോടെ സർക്കാർ കണക്കനുസരിച്ച് രാജ്യത്തെ ആകെ രോഗമുക്തരുടെ എണ്ണം 68,74,518 ആയി.

## പതിനേഴുകാരിയെ ബലാത്സംഗം ചെയ്ത 61 കാരൻ അറസ്റ്റിൽ

കാഞ്ഞങ്ങാട്: സുഹൃത്തിന്റെ പ്രായപൂർത്തിയാകാത്ത മകളെ ബലാത്സംഗം ചെയ്ത് ഗർഭിണിയാക്കിയ കേസിൽ 61 കാരനെ പൊലീസ് അറസ്റ്റ് ചെയ്തു. പനത്തടി, പുലിക്കടവിലെ ടി കെ രാഘവനെയാണ് രാജപുരം ഇൻസ്പെക്ടറുടെ ചുമതലയുള്ള വെള്ളരിക്കുണ്ട് പൊലീസ് ഇൻസ്പെക്ടർ കെ പ്രേംസദൻ അറസ്റ്റ് ചെയ്തത്. കഴിഞ്ഞ മാർച്ച് 22ന് ആണ് കേസിനാസ്പദമായ സംഭവം. മറ്റാരും ഇല്ലാത്ത സമയത്ത് സുഹൃത്തിന്റെ വീട്ടിലെത്തിയ രാഘവൻ പതിനേഴുകാരിയായ മകളെ വീട്ടി



നകത്ത് വെച്ച് ബലാത്സംഗം ചെയ്യുകയായിരുന്നു. രാഘവൻ ഭീഷണിപ്പെടുത്തിയതിനാൽ ഇക്കാര്യം പുറത്തു പറഞ്ഞിരുന്നില്ല. എന്നാൽ കഴിഞ്ഞ ദിവസം പെൺകുട്ടിക്ക് കലശലായ വയറുവേദന ഉണ്ടായതിനെ തുടർന്ന് ഡോക്ടറെ സമീപിക്കുകയായിരുന്നു. തുടർന്ന് നടത്തിയ പരിശോധനയിൽ പെൺകുട്ടി ആറു മാസം ഗർഭിണിയാണെന്നും കണ്ടെത്തി. ചികിത്സ നൽകിയ ഡോക്ടർ രാജപുരം പൊലീസിനെ അറിയിച്ചു. പിന്നീട് പെൺകുട്ടി മാതാവിനൊപ്പം രാജപുരം പൊലീസ് സ്റ്റേഷനിലെത്തി പരാതി നൽകിയതോടെയാണ് രാഘവനെതിരെ പോക്സോ പ്രകാരം കേസെടുത്തത്. പ്രതിയെ ഇന്നു രാവിലെ വീട്ടിൽ വെച്ച് അറസ്റ്റ് ചെയ്തു. വൈദ്യ പരിശോധനക്ക് ശേഷം കോടതിയിൽ ഹാജരാക്കും.

## ഹൃദയാഘാതം; ഓട്ടോ ഡ്രൈവർ മരിച്ചു



മഞ്ചേശ്വരം: ഹൃദയാഘാതത്തെ തുടർന്ന് ഓട്ടോ ഡ്രൈവർ മരിച്ചു. വോർക്കാടി ദൈഗോളിയിലെ ഓട്ടോ ഡ്രൈവറായ മധ്വവമിത്തമൂലയിലെ സതീഷ് (38) ആണ് മരിച്ചത്. വീട്ടിൽ വെച്ച് നെഞ്ചുവേദന അനുഭവപ്പെട്ട സതീഷിനെ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല. പരേതനായ തങ്കപ്പ മൂല്ല്യ-ദേവകി ദമ്പതികളുടെ മകനാണ്. ഭാര്യ സുജാത. സഹോദരങ്ങൾ: പ്രസാദ്, ശ്യാമള.

## എം ജി റോഡിലെ ചതിക്കുഴി മൂടാൻ നടപടി തുടങ്ങി

കാസർകോട്: എം ജി റോഡിൽ ജനറൽ ആശുപത്രിക്ക് മുന്നിലെ ചതിക്കുഴി സ്ലാബിട്ട് മൂടി അപകട ഭീഷണി ഒഴിവാക്കാൻ നടപടി തുടങ്ങി. ഇതു സംബന്ധിച്ച് 'കാരവൽ' സചിത്ര വാർത്ത പ്രസിദ്ധീകരിച്ചതിനെ തുടർന്നാണ് അധികൃതർ നടപടി ആരംഭിച്ചത്. നഗര സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി നേരത്തെ എം ജി റോഡിലെ ഓവുചാലുകൾ സ്ലാബിട്ട് മൂടിയിരുന്നു. എന്നാൽ കനത്ത മഴയിൽ ഒഴുകിയെത്തിയ വെള്ളം ഒഴുകി പോകാൻ മാർഗ്ഗ

കാരവൽ IMPACT



എം ജി റോഡിലെ സ്ലാബിലെ കുഴികൾ മൂടാനുള്ള പ്രവൃത്തി

മില്ലാത്തതും ദുരിതം സൃഷ്ടിച്ചിരുന്നു. തുടർന്ന് ടൈൽസ് പാകിമോടികൂട്ടിയ സ്ലാബ് ഇളക്കി മാറ്റിയിരുന്നു. എന്നാൽ മഴ കഴിഞ്ഞിട്ടും ഇളക്കി മാറ്റിയ സ്ലാബുകൾ പുന:സ്ഥാപിക്കാൻ നടപടി ഉണ്ടായിരുന്നില്ല. സ്ലാബില്ലാത്തതിനാൽ കാൽനടയാത്രക്കാർ അപകടത്തിൽപ്പെടുന്നതു പതിവായിരുന്നു. കാരവൽ വാർത്തയെ തുടർന്നാണ് ഇപ്പോൾ ഓവുചാൽ സ്ലാബിട്ട് മൂടാനുള്ള നടപടി തുടങ്ങിയത്.

## ജമാഅത്ത് കൗൺസിൽ പ്രസിഡണ്ട് എ.പൂക്കുഞ്ഞ് അന്തരിച്ചു

ആലപ്പുഴ: ജമാഅത്ത് കൗൺസിൽ സംസ്ഥാന പ്രസിഡണ്ട് എ.പൂക്കുഞ്ഞ് (74)അന്തരിച്ചു. ഇന്നു പുലർച്ചെ മൂന്നു മണിയോടെയായിരുന്നു അന്ത്യം. വൃക്ക, കരൾ രോഗങ്ങളെ തുടർന്നു സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു.കെ.എസ്.യുവിലൂടെയാണ് രാഷ്ട്രീയ ജീവിതം തുടങ്ങിയത്. പിന്നീട് സാമുദായിക- രാഷ്ട്രീയ രംഗങ്ങളിൽ സജീവ സാന്നിധ്യമായിരുന്നു. തിരുവനന്തപുരം ഗവലോ കോളേജിൽ നിന്നു എൽഎൽബിയും കോഴിക്കോട് ഗവ.കോളേജിൽ നിന്ന് എൽഎൽഎമ്മും നേടി. തുടർന്ന് മാവേലിക്കര കോടതിയിലും ആലപ്പുഴ ജില്ലാ കോടതിയിലും



അഭിഭാഷകനായി.ഏറെക്കാലം ജമാഅത്ത് കൗൺസിലിന്റെ സംസ്ഥാന ജനറൽ സെക്രട്ടറിയായിരുന്നു. കെ.എസ്.യുവിലൂടെ രാഷ്ട്രീയത്തിൽ എത്തിയെങ്കിലും പിന്നീട് മുസ്ലീംലീഗിൽ ചേർന്ന് പ്രവർത്തിച്ചു. സംസ്ഥാന വഖഫ് ബോർഡ് അംഗം ആലപ്പുഴ ജില്ലാ ഗവപ്ലീഡർ എന്നീ പദവികളും വഹിച്ചിട്ടുണ്ട്.

## കാറിടിച്ച് സ്കൂട്ടർ യാത്രക്കാരിക്ക് പരിക്ക്

മഞ്ചേശ്വരം: സ്കൂട്ടറിൽ കാറിടിച്ച് യാത്രക്കാരിക്ക് പരിക്ക്. കഴിഞ്ഞ ദിവസം തൂമിനാട് വെച്ചാണ് അപകടം.

തൂമിനാട് സ്വദേശി ഓട്ടോ ഡ്രൈവർ ദേവദാസ് ഷെട്ടിയുടെ ഭാര്യ വിജയകുമാരി (46)ക്കാണ് പരിക്കേറ്റത്. സുഹൃത്ത് കവിതയോടൊപ്പം സ്കൂട്ടറിൽ സഞ്ചരിക്കവെയാണ് പിറകിൽ നിന്നുമെത്തിയ കാറിടിച്ച് തെറിപ്പിച്ചത്. സ്കൂട്ടറിൽ പിറകിൽ ഇരുന്ന് യാത്ര ചെയ്യുകയായിരുന്ന വിജയകുമാരി റോഡിലേക്ക് തെറിച്ചുവീഴുകയായരുന്നു. പരിക്കേറ്റ ഇവരെ ദേർളക്കട്ടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സംഭവത്തിൽ മഞ്ചേശ്വരം പൊലീസ് കേസെടുത്ത് അന്വേഷിച്ചു വരികയാണ്.

## നാടിനെ വിറപ്പിച്ച് വീണ്ടും കാട്ടാനക്കൂട്ടം; വ്യാപകമായി കാർഷിക വിളകൾ നശിപ്പിച്ചു

കാനത്തൂർ: നാട്ടുകാരെ ഭീതിയിലാക്കി വീണ്ടും കാട്ടാനക്കൂട്ടത്തിന്റെ അക്രമണം. ഇന്നലെ രാത്രിയും കാട്ടാനക്കൂട്ടം വ്യാപകമായി കാർഷിക വിളകൾ നശിപ്പിച്ചു.

കൊട്ടംകുഴി, മൂടേംവീട് എന്നിവിടങ്ങളിലാണ് ഇന്നലെ രാത്രി കാട്ടാനക്കൂട്ടത്തിന്റെ ആക്രമണമുണ്ടായത്. കൊട്ടംകുഴിയിൽ ബാലകൃഷ്ണൻ, മണികണ്ഠൻ, രാധ, ശ്രീധരൻ എന്നിവരുടെ കാർഷിക വിളകളാണ് നശിപ്പിച്ചത്. ഇവരുടെ തോട്ടത്തിലെ വാഴ, കവുങ്ങ്, തെങ്ങുകൾ എന്നിവ കാട്ടനക്കൂട്ടം നശിപ്പിച്ചു. ഇതിൽ ഏറ്റവും കൂടുതൽ നാശനഷ്ടം ഉണ്ടായത് രാധയുടെ തോട്ടത്തിലാണ്.

കാനത്തൂർ മൂടേംവീട്ടിൽ വി മാധവൻ, വി രാഘവൻ എന്നിവരുടെ കൃഷിത്തോട്ടത്തിലും കാട്ടാനകൾ കയറി കവുങ്ങ്, വാഴ, കുലച്ച തെങ്ങുകൾ എന്നിവ നശിപ്പിച്ചു. കഴിഞ്ഞ കുറെ നാളുകളായി കാട്ടാനക്കൂ



കാനത്തൂർ മൂടേംവീട്ടിലെ വി രാഘവന്റെ തോട്ടത്തിലെ തെങ്ങ് കാട്ടാന നശിപ്പിച്ച നിലയിൽ

ട്ടത്തിന്റെ ഭീതിയിലാണ് ഈ മേഖലയിലുള്ള പ്രദേശവാസികൾ. നാട്ടിൽ ഭീതി പരത്തുന്ന കാട്ടാനകളെ നാട്ടുകാരും വനപാലകരും ചേർന്ന് ഉൾക്കാട്ടിലേക്ക് തിരിച്ചയക്കാൻ ജീവൻ പണയം വച്ച് നടത്തുന്ന ശ്രമങ്ങളല്ലാതെ കാട്ടാന ശല്ല്യം അവസാനിപ്പിക്കാനുള്ള ശാശ്വത പരിഹാരമൊന്നും ഇതുവരെ കാണാൻ കഴിയാത്തത് നാട്ടുകാരെ വല്ലാതെ ഭീതിയിലാക്കുകയാണ്. രണ്ട് കാട്ടാനകൾ ഇപ്പോഴും നെയ്യംകയം-കൊട്ടംകുഴി വനേമേഖലയിൽ സ്ഥാപിച്ച സോളാർ വേലിയുടെ പടിഞ്ഞാറ് വശത്തും ഏഴ് ആനകൾ കിഴക്ക് വശത്ത് അരമനടുക്കത്തും നിലയുറപ്പിച്ചിട്ടുണ്ട്. ഇതോടെ ഈ പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ ഭീതിയിലാണ്. കഴിഞ്ഞ ദിവസം പ്രദേശത്ത് ആക്രമണം നടത്തിയ കാട്ടാനയെ നാട്ടുകാരും വനപാലകരും ചേർന്ന് ജീവൻപണയം വെച്ച് ഓടിച്ചിരുന്നു. എന്നാൽ ആന ഉൾക്കാട്ടിലേക്ക് കയറാതെ വീണ്ടും തിരിച്ചുവരുന്ന കാഴ്ച്ചയാണ് കണ്ടത്. ഓടിച്ച ആനയെ പുലിപ്പറമ്പ് കടത്തി സോളാർ വേലി കെട്ടാനായിരുന്നു പരിപാടി. എന്നാൽ ശ്രമം പരാജയപ്പെടുകയായിരുന്നു. കഴിഞ്ഞ കുറെ നാളുകളായി പ്രദേശത്ത് നടക്കുന്ന കാട്ടാനക്കൂട്ടത്തിന്റെ ആക്രമണത്തെ തുടർന്ന് നിരവധി കാർഷിക വിളകളാണ് നശിച്ചത്. ഇതോടെ വരുമാന മാർഗ്ഗം നിലച്ച ഇവിടുത്തെ കുടുംബങ്ങൾ കടുത്ത ദുരിതത്തിലാണ്. കാട്ടാനയുടെ ആക്രമണത്തിൽ കൃഷിനാശം സംഭവിച്ച പാണൂർ മേഖലയിലെ സ്ഥലങ്ങൾ രാജ്മോഹൻ ഉണ്ണിത്താൻ എം പി സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി.

## അന്തുക്കാ



ESTD:1976

# കാരവൽ

1196 തുലാം 6, 1442 റ.അവ്വൽ 5, 2020 ഒക്ടോബർ 22 വ്യാഴം

## തുടരുന്ന കാട്ടാന ആക്രമണങ്ങൾ

**കാ**സർകോട് താലൂക്കിലെ മുളിയാർ, കാറഡുക്ക, ദേലംപാടി, ബേഡഡുക്ക, കുറ്റിക്കോൽ, പഞ്ചായത്തുകളിലെ കാട്ടാന ആക്രമണം തുടരുകയാണ്. കഴിഞ്ഞ ദിവസങ്ങളിൽ കാറഡുക്ക, മുളിയാർ, പഞ്ചായത്തുകളിലെ ജനവാസ-കാർഷിക മേഖലകളിൽ എത്തിയ കാട്ടാനകൾ വൻതോതിൽ കൃഷി നശിപ്പിച്ചു. ആനകളുടെ ആക്രമണം ഒരേ സമയം വലിയ പ്രതിഷേധത്തിനും പ്രതിരോധത്തിനും ഇടവരുത്തിയിട്ടുണ്ട്. അത് സ്വാഭാവികമായ പ്രതികരണമായേ കാണാൻ കഴിയൂ. കർഷകനെ സംബന്ധിച്ചിടത്തോളം അവന്റെ കൃഷിയുടെ സംരക്ഷണമാണ് മുഖ്യവിഷയം. അതു കഴിഞ്ഞേ മറ്റേതൊരു കാര്യത്തിലും കർഷകർക്കു താൽപ്പര്യം ഉണ്ടാകൂ. കാരണം കാർഷിക വിളകളുടെ സംരക്ഷണം അവന്റെ നിലനിൽപ്പിന്റെ കൂടി പ്രശ്നമാണ്.

അതുകൊണ്ടായിരിക്കണം നാട്ടിലിറങ്ങിയ കാട്ടാനകളെ തുരത്താൻ അധികൃതരുടെ ഭാഗത്ത് നിന്ന് കാര്യമായ നടപടികളൊന്നും ഇല്ലാത്ത സാഹചര്യത്തിൽ കഴിഞ്ഞ ദിവസം ഇരിയണ്ണി, കുണിയേരി, നെയ്യംകയം, കാനത്തൂർ, കൊട്ടംകുഴി, ഒളിയത്തടുക്കം, കുണ്ടൂച്ചി, ചമ്പിലാംകൈ പ്രദേശവാസികൾ സംഘടിതരായി ആനകളെ കാടുകയറ്റാൻ തുനിഞ്ഞിറങ്ങിയത്. എന്നാൽ കാട്ടാനകൾ ആൾക്കൂട്ടത്തിന് നേരെയും അക്രമത്തിനു മുതിർന്നു. ഇതോടെയാണ് ആൾക്കാർ തിരികെ കാടിറങ്ങിയത്. കാസർകോട് താലൂക്കിലെ കാട്ടാനകളടക്കമുള്ള വന്യജീവികളുടെ ആക്രമണത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. അത്ര തന്നെ കാലപ്പഴക്കം കർഷകരോഷത്തിനുമുണ്ട്. എന്നാൽ വനംവകുപ്പിന്റെ ഭാഗത്ത് നിന്ന് ശക്തവും ഉചിതവുമായ നടപടികളൊന്നും ഉണ്ടായില്ലെന്നും അഥവാ ഉണ്ടായിട്ടുണ്ടെങ്കിൽ അത്തരം നടപടികളൊന്നും ലക്ഷ്യം കണ്ടില്ല എന്നുമാണ് തുടർന്നു കൊണ്ടിരിക്കുന്ന കാട്ടാന അക്രമണ സംഭവങ്ങൾ ബോധ്യപ്പെടുത്തുന്നത്.

ഇക്കാര്യത്തിൽ ഇനിയും കർഷകരുടെ പക്ഷത്തു നിന്ന് കൊണ്ടുള്ള നടപടികളാണ് വേണ്ടത്. ഇല്ലെങ്കിൽ കഴിഞ്ഞ ദിവസം ഉണ്ടായ ആൾക്കൂട്ട പ്രതിഷേധം മറ്റൊരു തലത്തിലെത്തിയേക്കാം. അങ്ങനെ സംഭവിച്ചാൽ അതിന്റെ പരിപൂർണ്ണ ഉത്തരവാദിത്തം വനംവകുപ്പിന് മാത്രമായിരിക്കും. അതിനാൽ കാട്ടാനകളടക്കമുള്ള വന്യജീവികളുടെ അക്രമണങ്ങൾ ഉണ്ടാകാതിരിക്കാൻ സത്വര നടപടികൾ ഉണ്ടാകണം.

നാട്ടിലിറങ്ങി വൻ നാശങ്ങൾ ഉണ്ടാക്കുന്ന ആനകളെ ഉൾക്കാടുകളിലേയ്ക്ക് തുരത്താനുള്ള നടപടിയാണ് വേണ്ടത്. ആനകളെ തുരത്താൻ വൈദഗ്ദ്ധ്യമുള്ളവരെ ഈ പഞ്ചായത്തുകളിലെത്തിക്കണം. ആനകളെ തുരത്തുന്നതുകൊണ്ട് മാത്രം പരിഹാരം ആകില്ല. അവ വീണ്ടും വനാതിർത്തികളിൽ തമ്പടിച്ച് ജനവാസ കേന്ദ്രങ്ങളിൽ എത്താതിരിക്കുവാൻ ശാശ്വത പരിഹാര മാർഗ്ഗങ്ങളും ഉണ്ടാകണം. ഇതുവരെ യുള്ള അനുഭവത്തിന്റെ പശ്ചാത്തലത്തിൽ സോളാർ വേലികൾ ആനകളുടെ അക്രമണം തടയാൻ ശാശ്വതമായ മാർഗ്ഗമല്ലെന്നാണ് വ്യക്തമാകുന്നത്. ട്രഞ്ച് നിർമ്മാണവും മതിൽ നിർമ്മാണവുമാണ് ശാശ്വത മാർഗ്ഗങ്ങളെന്നു വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നുണ്ട്. ഇത്തരം മാർഗ്ഗങ്ങൾ ഭാഗികമായെങ്കിലും നടപ്പാക്കിയ പ്രദേശങ്ങളിൽ ആനകളുടെ ആക്രമണം പിന്നീട് ഉണ്ടായിട്ടില്ലെന്നതു ആരോഗ്യപരമായ രീതിയിൽ ഉൾക്കൊള്ളാനാകണം. എന്തായാലും വനാതിർത്തികളിലെ ജനവാസ കേന്ദ്രങ്ങളിലെ ജനങ്ങൾ തികഞ്ഞ ഭീതിയിലും മാനസിക പിരിമുറുക്കത്തിലുമാണ്. ഇതു ഉൾക്കൊണ്ട് സത്വര നടപടികളുണ്ടാക്കണമെന്നാണ് മലയോരത്തിന്റെ പൊതുവികാരം.

## പള്ളിക്കര പഞ്ചായത്ത് ഭരണസമിതിയുടെ നിരുത്തരവാദത്തിൽ പ്രതിഷേധിച്ച് യു.ഡി.എഫ് സത്യാഗ്രഹം നടത്തി

പള്ളിക്കര : പള്ളിക്കര പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് തോന്നും പടി തുറക്കുന്നതിൽ പ്രതിഷേധിച്ചും കോവിഡ് പ്രതിരോധങ്ങളിൽ സജീവമാകാൻ ജീവനക്കാർ അവധിയെടുക്കുന്നത് ഒഴിവാക്കണമെന്ന കർശന നിർദ്ദേശം ലംഘിച്ചുകൊണ്ട് ജീവനക്കാർ കൂട്ട അവധിയെടുക്കുന്നതിൽ സാധാരണകാരായ ജനങ്ങൾ ബുദ്ധിമുട്ടുന്നതിൽ പ്രതിഷേധിച്ചും, പള്ളിക്കര പഞ്ചായത്ത് ഓഫീസിനു മുന്നിൽ യു.ഡി.എഫ് പള്ളിക്കര പഞ്ചായത്ത് കമ്മിറ്റി സത്യാഗ്രഹം സമരം നടത്തി. 144 നിലവിലുള്ളതിനാൽ 5 പേർ മാത്രമാണ് സത്യാഗ്രഹമിരുന്നത്. യു.ഡി.എഫ് പള്ളിക്കര പഞ്ചായത്ത് ചെയർമാൻ ഹനീഫ കുന്നിൽ, കൺവീനർ സുകുമാരൻ പൂച്ചക്കാട്, സി.എം.പി.ജില്ലാ കമ്മിറ്റി അംഗം കെ.എൻ.രാജേന്ദ്രപ്രസാദ്, പള്ളിക്കര മണ്ഡലം കോൺഗ്രസ് പ്രസിഡണ്ട് എം.പി.എം ഷാഫി, മുസ്ലിം ലീഗ് പഞ്ചായത്ത് ജന.സെക്രട്ടറി സിദ്ദീഖ് പള്ളിപ്പുഴ എന്നിവരാണ് സത്യാഗ്രഹമിരുന്നത്.

സി.എം.പി. ജില്ലാ സെക്രട്ടറി സി.വി.തമ്പാൻ ഉദ്ഘാടനം ചെയ്തു. യു.ഡി.എഫ് ചെയർമാൻ ഹനീഫ കുന്നിൽ ആധ്യക്ഷം വഹിച്ചു. ഗ്രാമ പഞ്ചായത്ത് മെമ്പർമാരായ സുന്ദരൻ കുറിച്ചിക്കുന്ന്, മാധവ ബേക്കൽ, ഷക്കീല ബഷീർ, കെ.ടി. ആയിഷ, കെ.എം.സി.സി ജില്ലാ വൈസ് പ്രസിഡണ്ട് റഷീദ് ഹാജി കല്ലിങ്കാൽ, കെ.എം.അബ്ദുൾ റഹ്മാൻ, ഹരീസ് തൊട്ടി, ചോണായി മുഹമ്മദ് കുഞ്ഞി, സിറാജ് മഠത്തിൽ എന്നിവർ സംസാരിച്ചു. സമാപന യോഗം ഉദുമ ബ്ലോക്ക് കോൺഗ്രസ് പ്രസിഡണ്ട് സി.രാജൻ പെരിയ ഉദ്ഘാടനം ചെയ്തു.




## 44ാമത് ഫിലിം ക്രിട്ടിക്സ് പുരസ്കാരം: നിവിനും മഞ്ജുവും മികച്ച നടീനടൻമാർ



**നാ**ൽപ്പത്തി നാലാമത് കേരള ഫിലിംക്രിട്ടിക്സ് അവാർഡുകൾ പ്രഖ്യാപിച്ചു. മികച്ച നടനുള്ള പുരസ്കാരം നിവിൻ പോളിയ്ക്ക് ലഭിച്ചു. മൂത്തോനിലെ അഭിനയമാണ് നിവിനെ പുരസ്കാരത്തിനർഹനാക്കിയത്. പ്രതി പൂവൻ കോഴി എന്ന ചിത്രത്തിലൂടെ മഞ്ചു വാര്യർക്ക് മികച്ച നടിയ്ക്കുള്ള പുരസ്കാരവും ലഭിച്ചു.

ലിജോ ജോസ് പെല്ലിശ്ശേരി സംവിധാനം ചെയ്ത ജെല്ലിക്കെട്ട് മികച്ച ചിത്രത്തിനുള്ള പുരസ്കാരം നേടി. ലിജോയ്ക്ക് തന്നെയാണ് മികച്ച സംവിധായകനുള്ള പുരസ്കാരവും. മൂത്തോൻ സംവിധാനം ചെയ്ത ഗീതു മോഹൻദാസാണ് മികച്ച സംവിധായിക.

സമഗ്ര സംഭാവന മാനിച്ച് നൽകുന്ന ചലച്ചിത്ര രത്ന പുരസ്കാരം മുതിർന്ന സംവിധായകൻ ഹരിഹരന് നൽകും. വർഷങ്ങളായി ദക്ഷിണേന്ത്യയിൽ അനുകരണീയമായ അഭിനയശൈലി കാഴ്ച വെയ്ക്കുന്ന നടൻ മമ്മൂട്ടിക്ക് ക്രിട്ടിക്സ് ജൂബിലി അവാർഡ് നൽകും.

ചലച്ചിത്ര പ്രതിഭ പുരസ്കാരത്തിന് ഛായാഗ്രാഹകൻ എസ്. കുമാർ, സംവിധായകനും കലാസംവിധായകനുമായ നേമം പുഷ്പരാജ്, നടി സേതുലക്ഷ്മി, നാന ഫോട്ടോഗ്രാഫർ കൊല്ലം മോഹൻ എന്നിവർ അർഹരായി.

മികച്ച സഹനടനുള്ള പുരസ്കാരം നേടിയത് രണ്ടുപേരാണ്. തണ്ണീർ മത്തൻ ദിനങ്ങൾ എന്ന ചിത്രത്തിലൂടെ വിനീത് ശ്രീനിവാസനും ജെല്ലിക്കെട്ട്, പൊറിഞ്ചു മറിയം ജോസ് എന്ന ചിത്രത്തിലൂടെ ചെമ്പൻ വിനോദും പുരസ്ക്കാരത്തിനർഹരായി.

മികച്ച സഹനടി സ്വാസിക(വാസന്തി), മികച്ച തിരക്കഥാകൃത്ത് സജിൻ ബാബു(ചിത്രം: ബിരിയാണി), മികച്ച ഗാനരചയിതാവ് റഫീഖ് അഹമ്മദ്(ശ്യാമരാഗം), മികച്ച സംഗീത സംവിധാനം ഔസേപ്പച്ചൻ(എവിടെ), മികച്ച പിന്നണി ഗായകൻ വിജയ് യേശുദാസ്(പതിനെട്ടാംപടി, ശ്യാമരാഗം), മികച്ച പിന്നണി ഗായിക മഞ്ജരി(മാർച്ച് രണ്ടാം വ്യാഴം) മികച്ച ഛായാഗ്രാഹകൻ ഗിരീഷ് ഗംഗാധരൻ(ജെല്ലിക്കെട്ട്) മികച്ച ജനപ്രിയ ചിത്രം. തണ്ണീർമത്തൻ ദിനങ്ങൾ എന്നിങ്ങനെയാണ് മറ്റ് പ്രധാന പുരസ്കാരങ്ങൾ.

ഫിലിം ക്രിട്ടിക്സ് അസോസിയേഷൻ പ്രസിഡന്റും ജൂറി ചെയർമാനുമായ ജോർജ് ഓണക്കൂറാണ് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചത്. തേക്കിൻകാട് ജോസഫ് , എ. ചന്ദ്രശേഖരൻ എന്നിവരായിരുന്നു മറ്റ് ജൂറി യംഗങ്ങൾ. മൊത്തം നാൽപ്പത് ചിത്രങ്ങളാണ് ജൂറിയുടെ പരിഗണനയിലെത്തിയത്.

## "ഇതാണെടാ അമ്മ..." കോഴിയെ ഇറക്കി പരിഹാസവുമായി ഷമ്മി തിലകൻ



**മ**ലയാള സിനിമാ സംഘടനയായ എ.എം.എം.എക്കെതിരെ പരോക്ഷ പരിഹാസവുമായി നടൻ ഷമ്മി തിലകൻ. പരുന്തിൽ നിന്നും കുഞ്ഞുങ്ങളെ രക്ഷിക്കുന്ന ഒരു കോഴിയുടെ വീഡിയോയാണ് നടൻ ഫേസ്ബുക്ക് പേജിൽ പങ്കുവെച്ചിരിക്കുന്നത്. ഇതാണെടാ അമ്മ .,ഇതായിരിക്കണമെടാ അമ്മ എന്നാണ് വീഡിയോക്ക് താഴെ നടൻ എഴുതിയിരിക്കുന്നത്. അമ്മ സംഘടനക്കെതിരെ വിവിധ ഭാഗങ്ങളിൽ നിന്നും വിമർശനങ്ങൾ ഉയരുന്നതിനിടെയാണ് ഷമ്മി തിലകന്റെ പോസ്റ്റ്. അടുത്തിടെ അമ്മ ജനറൽ സെക്രട്ടറി ഇടവേള ബാബു ഒരു ചാനലിന് നൽകിയ അഭിമുഖത്തിലെ പരാമർശങ്ങൾ വിവാദമായിരുന്നു. അമ്മയുടെ നേതൃത്വത്തിൽ നിർമ്മിക്കുന്ന പുതിയ മൾട്ടിസ്റ്റാർ ചിത്രത്തിൽ ഒരു നടി അംഗമാവില്ലെന്ന് ഇടവേള ബാബു പറഞ്ഞിരുന്നു. നിലവിൽ ആ നടി അമ്മയുടെ അംഗമല്ല. മരിച്ചു പോയ ആളുകൾ തിരിച്ച് വരില്ലല്ലോ. അതുപോലെ ആണ് ഇതെന്നായിരുന്നു ഇടവേള ബാബുവിന്റെ പരാമർശം. ഇതിൽ പ്രതിഷേധിച്ച് നടി പാർവതി തിരുവോത്ത് സംഘടനയിൽ നിന്നും രാജിവെച്ചിരുന്നു. സംഘടനയിൽ ഇനി ഒരുമാറ്റമുണ്ടാവില്ലെന്ന് മനസ്സിലായതു കൊണ്ടാണ് രാജി എന്നാണ് പാർവതി വ്യക്തമാക്കിയത്.അമ്മയിൽ മാറ്റമുണ്ടാകുമെന്ന പ്രതീക്ഷയില്ലെന്ന് നടി രേവതിയും പ്രതികരിച്ചിരുന്നു. സംഘടനാ നേതൃത്വത്തിന് സ്ത്രീകളുടെ പ്രശ്നങ്ങളോട് പുച്ഛമാണെന്നും അവർ പറയുന്നതിനോട് വഴങ്ങുന്നവർക്ക് മാത്രമേ അവിടെ നിലനിൽപ്പുള്ളുവെന്നും രേവതി പറഞ്ഞു.

## ബ്രഹ്മാണ്ഡ ചിത്രം ആർആർആർ; ടീസർ പുറത്ത് വിടാനൊരുങ്ങി ടീം

**ബാ**ഹുബലി സംവിധായകൻ രാജമൗലി സംവിധാനം ചെയ്യുന്ന പുതിയ ചിത്രം ആർആർആർ ഷൂട്ടിങ് അടുത്തിടെയാണ് പുനഃരാരംഭിച്ചത്. ഇത് വലിയ വാർത്താ പ്രാധാന്യം നേടുകയും ചെയ്തിരുന്നു. 2020 മാർച്ചോടെ ഷൂട്ടിങ് വിഭാവനം ചെയ്ത് 2020 ജൂലൈ 30വോടെ റിലീസ് ചെയ്യാൻ ഇരുന്ന ചിത്രത്തിന്റെ ഷൂട്ടിങ് കോവിഡ് പശ്ചാത്തലത്തിൽ നിശ്ചലാവസ്ഥയിലായിരുന്നു. 2021 ജനുവരിയിൽ ചിത്രം പ്രേക്ഷകരിലേക്ക് എത്താൻ ഒരുങ്ങുന്നതായി നേരത്തേ റിപ്പോർട്ടുകളും ഉണ്ടായിരുന്നു. നാളുകൾക്ക് മുൻപ് തന്നെ ചിത്രത്തിന്റെ ചിത്രീകരണം തുടങ്ങിയിരുന്നതാണ്. ബോളിവുഡിലെയും ടോളിവുഡിലേയും പ്രമുഖ താരങ്ങളാണ് ഈ ചിത്രത്തിൽ അണിനിരക്കുന്നത്. ഇപ്പോഴിതാ ചിത്രത്തെ സംബന്ധിച്ച പുതിയ വിവരം പുറത്ത് വിട്ടിരിക്കുകയാണ് അണിയറപ്രവർത്തകർ.

ചിത്രത്തിന്റെ ടീസർ ഒക്ടോബർ 22ന് രാവിലെ 11 മണിക്ക് അണിയറപ്രവർത്തകർ പുറത്ത് വിടും. 'ആർആർആർ' എന്ന് പേരിട്ടിരിക്കുന്ന ചിത്രത്തിന് 'രുധിരം രണം




രൗദ്രം' എന്നാണ് പൂർണ്ണ രൂപം നൽകിയിരിക്കുന്നത്. വി. വിജയേന്ദ്ര പ്രസാദാണ് ചിത്രത്തിന്റെ തിരക്കഥ ഒരുക്കുന്നത്. ചിത്രത്തിലെ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത് ആലിയ ഭട്ട്, അജയ് ദേവ്ഗൺ, ജൂനിയർ എൻടിആർ, രാം ചരൺ എന്നിവരാണ്. ബ്രിട്ടീഷ് നടി ഡെയ്സി എഡ്ജർ ജോൺസാണ് ചിത്രത്തിൽ മറ്റൊരു സുപ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്നത്. തമിഴ് നടൻ സമുദ്രക്കനിയും ചിത്രത്തിൽ എത്തുന്നതായും സംവിധായകൻ രാജമൗലി നേരത്തേ തന്നെ വ്യക്തമാക്കിയിരുന്നു.

ഒരു ചരിത്ര കഥയാണ് 300 കോടി ബജറ്റിൽ ഒരുങ്ങുന്ന ചിത്രം പറയുന്നത്. 1920കളിലെ സ്വാതന്ത്ര്യ സമര സേനാനികളായ അല്ലൂരി സീതാരാമ രാജു, കോമരം ഭീം എന്നിവരുടെ കഥയാണ് ആർആർആർ പറയുന്നത്. സ്വാതന്ത്ര്യത്തിന് മുമ്പ് തെലങ്കാനയിലെ ആദിവാസി പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുത്ത സമര നേതാക്കളാണ് അല്ലൂരി സീതാരാമ രാജുവും കോമരം ഭീമും. രാം ചരൺ ചിത്രത്തിൽ അല്ലൂരി സീതാരാമ രാജു ആയാണ് എത്തുന്നത് അതേസമയം ജൂനിയർ എൻടിആറാണ് വെള്ളിത്തിരയിൽ കോമരം ഭീം ആയി പ്രത്യക്ഷപ്പെടുക.

## സ്വപ്നയുടെ മൊഴിയും കുടുക്കിൽപ്പെട്ട ജലീലും



**ന**യതന്ത്ര ബാഗേജിലൂടെ സ്വർണ്ണം കടത്തിയ കേസ് അഴിച്ചുവിട്ട വിവാദങ്ങൾ കെട്ടടങ്ങുന്നില്ല. ഓരോ ദിവസം കഴിയുന്തോറും സർക്കാരിനെ കൂടുതൽ കൂടുതൽ പ്രതിസന്ധിയിലേക്ക് നയിച്ചുകൊണ്ടുള്ള പ്രതികളുടെ മൊഴികളാണ് പുറത്തു വന്നുകൊണ്ടിരിക്കുന്നത്.

വിവാദങ്ങളിലെല്ലാം മുഖ്യമന്ത്രിയും, ചില മന്ത്രിമാരും കടന്നു വരുന്നതാണ് സർക്കാരിനെ പ്രതിരോധത്തിലാക്കുന്നത്. ഏറ്റവും ഒടുവിലിതാ മന്ത്രി കെ ടി ജലീലിനെതിരെ കടുത്ത ആരോപണങ്ങളാണ് ഉയർന്നു വന്നിട്ടുള്ളത്. ആരോപണങ്ങൾ സത്യമാണെങ്കിൽ മന്ത്രി നടത്തിയത് കേരള ജനതയോടുള്ള വഞ്ചനയും, സത്യ പ്രതിജ്ഞാ ലംഘനവുമാണെന്ന കാര്യത്തിൽ തർക്കമില്ല.

സ്വർണ്ണക്കടത്ത് കേസുമായി ബന്ധപ്പെട്ട് നേരത്തെ തന്നെ മന്ത്രി ജലീലിനെതിരെ ആരോപണം ഉയർന്നിട്ടുണ്ട്. സംശയ നിഴലിലായിരുന്ന മന്ത്രി കേന്ദ്ര അന്വേഷണ ഏജൻസികളുടെ ചോദ്യം ചെയ്യലിനും വിധേയമായിട്ടുണ്ട്. ഇതിന് പിന്നാലെയാണ് മറ്റൊരു ഗുരുതര ആരോപണവും മന്ത്രി ജലീലിനെതിരെ ഉയർന്നത്.

ഒരു പ്രവാസിയെ നാടുകടത്താൻ മന്ത്രി ജലീൽ കോൺസുലേറ്റിൽ എത്തി സമ്മർദ്ദം ചെലുത്തിയെന്ന ഗുരുതര ആരോപണമാണ് സ്വർണ്ണക്കടത്ത് കേസിലെ പ്രതി സ്വപ്ന സുരേഷ് എൻഫോഴ്സ്മെന്റിന് നൽകിയ മൊഴിയിലൂടെ പുറത്ത് വന്നത്. ഇത് വൻ വിവാദത്തിന് വഴിവെച്ചിരിക്കുകയാണ്.

തനിക്കെതിരെ ഫെയ്സ്ബുക്കിൽ പോസ്റ്റിട്ട വിരോധത്തിനാണത്രേ പ്രവാസിയെ നാടുകടത്താൻ നേരിട്ട് ഇടപെടണമെന്നാവശ്യപ്പെട്ട് മന്ത്രി ജലീൽ കോൺസുലേറ്റിനെ സമീപിച്ചതെന്നാണ് മൊഴി. എല്ലാ ചട്ടങ്ങളും ലംഘിച്ച് ഒരു മന്ത്രി നടത്തിയ നീക്കം ഞെട്ടിക്കുന്നതാണ്. ഇവിടെയാണ് ഇതെന്താ... വെള്ളരിക്കാപട്ടണമോ എന്ന ചോദ്യം ഉയരുന്നത്. ഇവിടെ ഒരു സർക്കാരില്ലേ, കോൺസുലേറ്റുമായി ബന്ധപ്പെടുന്നതിന് ചട്ടങ്ങളില്ലേ... ഇതൊക്കെ കാറ്റിൽ പറത്തി, ചോദിക്കാനും പറയാനും ആരുമില്ല എന്ന തോന്നൽ ഭരണാധികാരികൾക്ക് വന്നാൽ നമ്മുടെ രാജ്യത്തിന്റെ സ്ഥിതി എന്താകും. കോൺസുലേറ്റിൽ നടന്ന മന്ത്രിമാരുടെയും മറ്റുള്ളവരുടെയും അവിഹിത ഇടപാടുകളാണ് ഓരോ ദിവസവും സ്വർണ്ണക്കള്ളക്കടത്ത് കേസിലെ പ്രതികളുടെ മൊഴിയിലൂടെ പുറത്ത് വരുന്നത്. മന്ത്രിയുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചകൾ സമ്മതിക്കാൻ പോലും സർക്കാറോ അതിന് നേതൃത്വം നൽകുന്നവരോ തയ്യാറാവുന്നില്ല. മാത്രവുമല്ല തെറ്റ് ചെയ്തവരെ ന്യായീകരിക്കാനും വെള്ള പൂശാനുമുള്ള ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നതും.

ഇതുമാത്രമല്ല മന്ത്രി ജലീലിനെതിരെ ഉയർന്ന് വന്ന ആരോപണങ്ങൾ യു.എ ഇ കോൺസുലേറ്റിൽ അലാവുദ്ദീൻ എന്നയാൾക്ക് ജോലി ശരിയാക്കാൻ ശുപാർശ ചെയ്യാൻ മന്ത്രി കെ ടി ജലീൽ വിളിച്ചുവെന്നും സ്വപ്ന സുരേഷ് വ്യക്തമാക്കിയിട്ടുണ്ട്. പല ഔദ്യോഗിക ആവശ്യങ്ങൾക്കും ജലീൽ പലതവണ വിളിച്ചതായും സ്വപ്ന മൊഴിയിൽ വ്യക്തമാക്കുന്നു. റമദാനിൽ ഭക്ഷ്യകിറ്റ് വിതരണം, കോവിഡ് കാലത്ത് ഭക്ഷ്യകിറ്റ് വിതരണത്തിന് സഹായം തേടിയത്, തുടങ്ങിയ കാര്യങ്ങൾക്കും മന്ത്രി ജലീൽ കോൺസുലേറ്റുമായി ബന്ധപ്പെട്ടു.

ഇതിന് പുറമെ മന്ത്രി കടകം പള്ളി സുരേന്ദ്രനെതിരെയും, മന്ത്രി ജലീലിനെതിരെയും സ്വർണ്ണ കടത്ത് കേസിലെ മുഖ്യപ്രതി സരിത്തും മൊഴി നൽകിയിട്ടുണ്ട്.

മകന്റെ വിദേശ ജോലിയുമായി ബന്ധപ്പെട്ട കാര്യം സംസാരിക്കാനായിരുന്നു മന്ത്രി കടകം പള്ളി സുരേന്ദ്രൻ കോൺസുലേറ്റിൽ എത്തിയത്. സംഭവം വിവാദമായതോടെ കടകം പള്ളി വിശദീകരണവുമായി രംഗത്ത് വന്നപ്പോൾ, മന്ത്രി ജലീൽ അതിനും തയ്യാറായില്ല.

മന്ത്രിയെന്ന നിലയിൽ രണ്ടുതവണ യു എ ഇ കോൺസുലേറ്റിൽ പോയിട്ടുണ്ടെന്നാണ് ഇതു സംബന്ധിച്ച് കടകം പള്ളിയുടെ വിശദീകരണം. മകന്റെ യു എ ഇയിലെ ജോലിക്കാര്യത്തിനായാണ് കടകംപള്ളി സുരേന്ദ്രൻ കോൺസൽ ജനറലിലെ കണ്ടതെന്ന സരിത്തിന്റെ മൊഴിയാണ് അദ്ദേഹം നിഷേധിച്ചത്. കാന്തപുരം എ പി അബൂബക്കർ മുസ്ലിയാരും മകനും രണ്ടു തവണയിലേറെ കോൺസുലേറ്റിൽ എത്തിയ കാര്യവും സ്വപ്ന സുരേഷ് മൊഴിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കോൺസൽ ജനറലുമായി അടച്ചിട്ട മുറിയിൽ ഇവർ ചർച്ച നടത്തിയെന്നും മതപരമായ ആവശ്യങ്ങൾക്ക് ധനസഹായവും യു എ ഇ സർക്കാരിന്റെ പിന്തുണയും



തേടിയെന്നുമാണ് വിവരമെന്ന് സ്വപ്നയുടെ മൊഴിയിൽ പറയുന്നു. എന്നാൽ ഇവർക്ക് എന്തെങ്കിലും സാമ്പത്തിക സഹായം കിട്ടിയോ എന്ന് അറിവില്ലെന്നും സ്വപ്ന പറയുന്നുണ്ട്.

പ്രതികളുടെ ഈ വെളിപ്പെടുത്തലുകൾ മന്ത്രിമാർക്ക് കുരുക്കാകുമെന്നാണ് നിയമ വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നത്. മന്ത്രിമാർക്ക് നേരിട്ട് മറ്റൊരു രാജ്യത്തിന്റെ കോൺസുലേറ്റിൽ പോകാൻ അനുവാദമില്ല. കോൺസുലേറ്റ് മറ്റൊരു രാജ്യത്തിന്റെയാണ്. അവിടെ പോകുന്നത് വിദേശകാര്യ മന്ത്രാലയത്തിന്റെ ചട്ടങ്ങൾ പാലിച്ചാകണം. കിറ്റ് വിതരണം ചെയ്യാൻ കോൺസുലേറ്റിൽ നിന്ന് വിളിച്ചതാണെന്നു ജലീൽ പറഞ്ഞതിന് വിരുദ്ധമാണ് അദ്ദേഹം കോൺസുലേറ്റിലേക്ക് വിളിക്കുകയായിരുന്നെന്ന സ്വപ്നയുടെ വെളിപ്പെടുത്തൽ.

അതേസമയം മുഖ്യമന്ത്രിയുമായോ അദ്ദേഹത്തിന്റെ കുടുംബവുമായോ അടുപ്പമില്ലെന്നാണ് സ്വപ്ന പറയുന്നതെങ്കിലും അച്ഛൻ മരിച്ചപ്പോൾ മുഖ്യമന്ത്രി അനുശോചനം അറിയിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. ഏതായാലും നയതന്ത്ര ബാഗേജിലൂടെയുള്ള സ്വർണ്ണക്കടത്ത് കേസ് സർക്കാരിന് വലിയ തലവേദനയായി തന്നെ നിൽക്കുകയാണ്. ഇപ്പോഴും മന്ത്രിമാർ ഉൾപ്പെടെ സംശയ നിഴലിൽ നിൽക്കുകയാണ്. വരും ദിവസങ്ങളിൽ അന്വേഷണ ഏജൻസികൾ കൈക്കൊള്ളുന്ന നടപടികളെ ആശ്രയിച്ചായിരിക്കും ഈ മന്ത്രിമാരുടെ ഭാവിയും തീരുമാനിക്കുക എന്നത് തീർച്ചയാണ്.

**യു കെ ദിനേശൻ**

